**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനുള്ള തുക അനുവദിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**G.O(Rt) No.10222/2019/ധന തീയതി 28.12.2019,തിരുവനന്തപുരം**

പരമർശം :- 1) സ.ഉ.(സാധ) നം.10051/2019/ധന തീയതി: 21/12/2019

2) 23/12/2019 ലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ബി5/550/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതിന് 126,10,88,289/- രൂപ (നൂറ്റിഇരുപത്തിയാറു കോടി പത്ത് ലക്ഷത്തി എൺപത്തെട്ടായിരത്തി ഇരുനൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) പരാമർശം 1 പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ കേരള അലക്കു തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ-ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയ് ക്കൊപ്പം കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി കൂടി ഉൾപ്പെട്ടതാണ് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സുരക്ഷാ ബോർഡ് എന്നും ആയതിനാൽ മസ്റ്റർ ചെയ്ത കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഗുണഭോക്താക്കളായ 10079 പേർക്ക് കൂടി ക്ഷേമ പെൻഷൻ തുക അനുവദിക്കണമെന്ന് കേരള സംസ്ഥാന അസംഘടിത തൊഴിലാളി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലെ മസ്റ്റർ ചെയ്ത 10079 ഗുണഭോക്താക്കൾക്ക് കൂടി പെൻഷൻ അനുവദിച്ച് പരാമർശ ഉത്തരവിലെ ഖണ്ഡിക 1ലും 2ലും പരാമർശിച്ചിട്ടുള്ള തുക 128,52,778,89/- രൂപ (നൂറ്റിഇരുപത്തിയെട്ടു കോടി അൻപത്തിരണ്ട് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എണ്ണൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) എന്നും പരാമർശ

ഉത്തരവിന്റെ അനുബന്ധത്തിൽ ക്രമ നമ്പർ 1, ആകെ എന്നീ വരികളിൽ താഴെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യു കൊള്ളുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**

**പ്രതീപ് കുമാർ.ബി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4. മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
5. എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
6. തൊഴിൽ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.
7. ധനകാര്യ (സീക്രട്ട് /ബജറ്റ്/ലേബർ/കൃഷി/എക്സ്പെൻഡിച്ചർ/ഇൻഡസ്ട്രീസ് & പിഡബ്ല്യു എ, പിയുഡി) വകുപ്പ്
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
11. ബിൽ/കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (1370541)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 11008 | 13209600 | 13209600 | 7300 | 26411900 | 799011400005224, ജില്ലാ ട്രഷറി, തിരുവനന്തപുരം |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 555589 | 649259400 | 649259400 | 13240911 | 1285277889 |